പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3872 19/03/2018-ൽ മറുപടിക്ക്

കെ-ടെറ്റ് പരീക്ഷയിലെ ചോദ്യങ്ങളിലെ തെറ്റുകൾ

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. ഐ.ബി. സതീഷ്: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2017 ഡിസംബറിൽ നടന്ന കെ-ടെറ്റ് കാറ്റഗറി(എ) മൂന്നിലെ സൈക്കോളജി, നാച്ചറൽ സയൻസ് വിഷയങ്ങളുടെ ഉത്തര സൂചികയിൽ ആറെണ്ണം തെറ്റായിരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇത്തരം ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ: | (ബി) പരീക്ഷ കഴിഞ്ഞ് ഉത്തരസൂചികകൾ പരീക്ഷാർത്ഥികൾക്ക് പരിശോധിച്ച് പരാതികൾ ഉണ്ടെങ്കിൽ അറിയിക്കുന്നതിലേയ്ക്കായി പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുയും, ആയത് അനുസരിച്ച് ലഭിക്കുന്ന മുഴുവൻ പരാതികളും ചോദ്യപേപ്പർ തയ്യാറാക്കിയ പാനലിന്റെ ചെയർമാനെയും, ചോദ്യകർത്താവിനെയും കൊണ്ട് പരിശോധിപ്പിക്കുകയും ചെയ്യുന്നു. അതുപ്രകാരം കാറ്റഗറി -III ലെ നാച്ചുറൽ സയൻസ്, സൈക്കോളജി വിഷയങ്ങളിലെ പരാതിയായി ഉന്നയിച്ച ചോദ്യങ്ങൾ ചോദ്യകർത്താവിനെ കൊണ്ട് പരിശോധിപ്പിക്കുകയും പരാതി അടിസ്ഥാനരഹിതവും, കഴമ്പില്ലാത്തതുമാണ് എന്ന് ഉറപ്പുവരുത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ കാറ്റഗറി -III ലെ സൈക്കോളജി, നാച്ചുറൽ സയൻസ് എന്നീ വിഷയങ്ങളുടെ ഉത്തരസൂചികയിൽ ഒരു മാറ്റവും വരുത്തുകയുണ്ടായില്ല. |
| (സി) പരീക്ഷാർത്ഥികൾക്ക് ദോഷകരമായ ഇത്തരം നടപടികൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമോ?. | (സി) ഉത്തരസൂചിക പ്രസിദ്ധീകരിച്ചതിനുശേഷം പരീക്ഷാർത്ഥികൾ എഴുതി അയയ്ക്കുന്ന എല്ലാ പരാതികളും ചോദ്യകർത്താവിനെ കൊണ്ട് പരിശോധിപ്പിച്ചശേഷം അവർ നിർദ്ദേശിക്കുന്ന മാറ്റങ്ങൾ വരുത്തിയാണ് അന്തിമ ഉത്തരസൂചിക പ്രസിദ്ധീകരിക്കുന്നത്. ഏതെങ്കിലും ചോദ്യങ്ങളിലോ, |

ഉത്തരങ്ങളിലോ തെറ്റ് സംഭവിച്ചുവെന്ന്
പാനൽ ചെയർമാൻ, ചോദ്യകർത്താവ്
എന്നിവർ രേഖാമൂലം എഴുതി തന്നാൽ
അത്തരം ചോദ്യങ്ങൾ ഒഴിവാക്കുകയോ,
ഉത്തരസൂചികയിൽ മാറ്റം വരുത്തുകയോ
ചെയ്യാറുണ്ട്. ഈ പ്രക്രിയ പരീക്ഷാർത്ഥി-
കളുടെ റിസൾട്ട് പ്രഖ്യാപനത്തിൽ കൂടുതൽ
ശാസ്ത്രീയതയും സുതാര്യതയും ഉറപ്പു
വരുത്തുന്നു.

സെക്ഷൻ ഓഫീസർ